മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 39 | THE ONLINE OFFICIAL NEWS BULLETTIN | 2022 September 24

SEASON OF CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
25  ♪2 2nd Sunday after the Feast of Holy Cross 128th Mem. of H.H. Ignatios Peter III Patriarch	26 ♪6	27 ♪2	28  ♪6 25th Mem. of Philipose Mar Theophilos (Aluva Thrikkunnathu Seminary)	29 ♪2	30 ♪6	1  ♪2 Comme. of evangelists' St. Adai, St. Abhai the Martyr, Mar Malke



പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് അമേരിക്കയിലെ സെന്റ് വ്ളാഡിമിർ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു

ന്യൂയോർക്ക്; പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയന് അമേരിക്കയിലെ പ്രശസ്ത വൈദിക സെമിനാരി ആയ സെന്റ് വ്ളാഡിമിർ ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരി ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു.

സെപ്തംബർ 23-നു വൈകിട്ട് സെമിനാരിയിൽ എത്തിയ പരിശുദ്ധ പിതാവിനെ സെമിനാരി പ്രസിഡന്റ്, അദ്ധ്യാപകർ, വിദ്യാർഥികൾ, വൈദികർ, അത്മായർ തുടങ്ങിയവർ ചേർന്ന സംഘം സ്വീകരിച്ചു. സെമിനാരി ചാപ്പലിൽ പ്രാർത്ഥനയ്ക്ക് ശേഷം നടന്ന ബിരുദദാന ചടങ്ങിൽ പരിശുദ്ധ ബാവാ തിരുമേനിക്ക് ഡോക്ടറേറ്റ് ബിരുദം (Doctor of Divinity, honoris causa) നൽകി ആദരിക്കുകയും അനുമോദിക്കുകയും ചെയ്തു.

റഷ്യയിലെ ലെനിൻഗ്രാഡ് (St. Petersburg) സെമിനാരിയിൽ നിന്നും ബിരുദാനന്തര ബിരുദവും, റോമിലെ പോന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഓറിയന്റൽ ദൈവശാത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുള്ള പ. പിതാവ് ദൈവശാസ്ത്ര പണ്ഡിതരിൽ പ്രമുഖനാണ്.

1938-ൽ സ്ഥാപിതമായ സെന്റ്. വ്ളാഡിമിർ ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരിക്ക് മലങ്കര ഓർത്തഡോക്സ് സഭയുമായി അഭേദ്യമായ ബന്ധമാണുള്ളത്. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലിത്ത സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്താ സെമിനാരിയുടെ ബോർഡ് ഓഫ് ട്രസ്റ്റി അംഗമാണ്. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ ഇപ്പോൾ സെമിനാരിയിൽ പ്രൊഫസർ ആയി സേവനം അനുഷ്ഠിക്കുന്നു. സഭയിലെ പല വൈദികരും ഈ സെമിനാരിയിൽ ഉന്നത വിദ്യാഭ്യാസം നേടിയവരാണ്. സഭയിലെ അനവധി വിദ്യാർത്ഥികൾ ഈ സെമിനാരിയിൽ ഇപ്പോൾ പഠനം നടത്തുന്നുണ്ട്. ബിരുദദാനച്ചടങ്ങിനുശേഷം പരിശുദ്ധ ബാവാ തിരുമേനിയെ അനുമോദിച്ചു കൊണ്ടുള്ള പൊതുസമ്മേളനവും ഉണ്ടായിരുന്നു



HH Baselios Marthoma Mathews III led Vespers at Saint Thomas Malankara Chapel on the campus of St Vladimir's Orthodox Theological Seminary during his first Apostolic Visit to the NE American Diocese! After Vespers, His Holiness offered a brief devotional message to the seminarians of the Malankara Church. Metropolitan Zachariah Mar Nicholovos and Archpriest Chad Hatfield, President of SVOTS, were also present.



പരിശുദ്ധനായ അൽവാറീസ് മാർ യൂലിയോസിന്റെ മെത്രാപ്പോലീത്തയുടെ സാമൂഹിക രാഷ്ട്രീയ മതപരമായ സംഭാവനകളെക്കുറിച്ചുള്ള പുസ്തകം 'മാർ അൽവാറീസ്: എ റീഡർ' പരിശുദ്ധ പിതാവിന്റെ ഓർമ്മ ദിനത്തിൽ ഗോവാ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം ചെയ്തു. ഡോ. എം. കുര്യൻ തോമസ്, സുജിത്ത് വർഗീസ് ജോർജ്, ഫാ. ലോറൻസ് ഡേവിഡ് ക്രസ്റ്റ എന്നിവർ സംയുക്തമായി തയ്യാറാക്കിയ പുസ്തകം മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസാണ് പ്രസിദ്ധീകരിച്ചത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

മലങ്കര നസ്രാണികളുടെ യഹൂദ പൈതൃകം

ഫാ. ഡോ. ജേക്കബ് കുര്യൻ

മുഖവുര

സമീപകാല ചരിത്രഗവേഷണങ്ങളിൽ കൂടി ശ്രദ്ധേയമായ ചില നിഗമനങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ച് ഉണ്ടായിട്ടുണ്ട്*. അവ എന്തുകൊണ്ടും ചർച്ചചെയ്യപ്പെടേണ്ടതാണ്. ഒന്നാമത്തെ നിഗമനം, മലങ്കര നസ്രാണികൾ അഥവാ മാർത്തോമ്മാ ക്രിസ്ത്യാനികൾ യഹൂദന്മാരുടെ പിൻതലമുറക്കാരാണ് എന്നതാണ്. രണ്ടാമത്തെ നിഗമനം, മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിത്വം പ്രാപിച്ചത് മതഭ്രാന്തരായ ഹിന്ദുക്കളാലല്ല, പ്രത്യുത തീവ്രവാദികളായ യഹൂദന്മാരാലാണ് എന്നതും. രണ്ടു നിഗമനങ്ങൾക്കു പിന്നിലും ഏതാണ്ട് അനിഷേധ്യമായ രണ്ട് ചരിത്ര വസ്തുതകളുണ്ട്. അവയിലൊന്നാമത്തേത്, ദക്ഷിണ ഭരതത്തിൽ ബ്രാഹ്മണരുടെ സാന്നിദ്ധ്യം ഉണ്ടാകുന്നത് ക്രിസ്ത്വാബ്ദം നാലാം നൂറ്റാണ്ടിനു ശേഷം മാത്രമാണ് എന്നതും രണ്ടാമത്തെ ചരിത്രവസ്തുത, ഭാരതത്തിന്റെ പല തീരദേശ തുറമുഖങ്ങളിലും ഉൾനാടൻ കച്ചവടകേന്ദ്രങ്ങളിലും യഹൂദന്മാരുടെ കുടിയേറ്റം പലപ്പോഴായി നടന്നിട്ടുണ്ട് എന്നതുമാണ്. എന്നാൽ, നാലാം നൂറ്റാണ്ടിനുമുമ്പ് ബ്രാഹ്മണർ ദക്ഷിണഭാരതത്തിൽ ഇല്ലായിരുന്നതുകൊണ്ട് ഇവിടുണ്ടായിരുന്ന യഹൂദന്മാരാണ് മാർത്തോമ്മാ ശ്ലീഹായാൽ ആദ്യം ക്രിസ്ത്യാനികളായത് എന്ന് അനുമാനിക്കുന്നത് യുക്തിക്കു ചേർന്നതല്ല. അതുപോലെ തന്നെ പലപ്പോഴായി യഹൂദന്മാരുടെ കുടിയേറ്റം നടന്നിട്ടുള്ളതുകൊണ്ട്, പണ്ടുതൊട്ടെ ക്രൈസ്തവവിരോധം ഉണ്ടായിരുന്ന യഹൂദർ ഭാരതത്തിലെ ആദ്യക്രിസ്ത്യാനികളായി മാറിയെന്ന നിഗമനത്തിലെത്താനും എളുപ്പമല്ല. അഥവാ, അങ്ങനെ ഒരു സംഗതി സത്യമാണെങ്കിൽ അതിനു കൂടുതൽ തെളിവുകളും സാദ്ധ്യതകളും കണ്ടെത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് പ്രസ്തുത തെളിവുകളിലേക്കും സാദ്ധ്യതകളിലേക്കും അല്പം നിരൂപണ ദൃഷ്ടിയോടെ കടന്നുചെല്ലുവാൻ ഇവിടെ ശ്രമിക്കാം.

1. ഭാരത ഉപഭൂഖണ്ഡത്തിലേക്കുള്ള യഹൂദ കുടിയേറ്റങ്ങളും ഭാരതത്തിലെ യഹൂദ ജീവിത പരിണാമങ്ങളും

അബ്രഹാമിനും മുമ്പുള്ള ഒരു സുമേരിയൻ വംശപശ്ചാത്തലം യഹൂദർക്കുണ്ടെങ്കിലും, യഹൂദർ അവരുടെ ചരിത്രം അബ്രഹാമിൽ നിന്ന് ആരംഭിക്കുന്നു. അബ്രഹാമിന്റെ മകൻ ഇസഹാക്കിന്റെ മകൻ യാക്കോബിന്റെ പന്ത്രണ്ടുമക്കളിൽ നിന്ന് യഹൂദരുടെ പന്ത്രണ്ട് ഗോത്രങ്ങളിലൂടെയുള്ള പിന്തുടർച്ചാകഥ രൂപമെടുക്കുന്നു. പന്ത്രണ്ട് ഗോത്രങ്ങളുടെ പിന്തുചർച്ചാകഥയിൽ, യഹൂദർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും കുടിയേറിയ ചരിത്രമാണ് ഉറങ്ങുന്നത്. ഒരു പക്ഷേ, യഹൂദരോളം ചിതറിക്കപ്പെട്ട ഒരു ചരിത്രവും, ചിതറിക്കപ്പെടലിൽക്കൂടി പുതിയ ചരിത്രപരിണാമങ്ങളും, ഉള്ള വേറൊരു ജാതി ഭൂമുഖത്തു കാണുകയില്ല.

വാഗ്ദത്തഭൂമിയായ കനാനിൽ യോശുവയുടെ നേതൃത്വത്തിൽ കടന്നുവന്ന ഇസ്രായേൽ ജനം രണ്ട് രാജ്യങ്ങളായി മാറി. യഹൂദ, ബന്യാമീൻ ഗോത്രങ്ങൾ ഉൾപ്പെട്ട തെക്കേ രാജ്യം യഹൂദപ്രദേശത്തും, ബാക്കി ഗോത്രങ്ങൾ ഉൾപ്പെട്ട വടക്കേ രാജ്യം ഇസ്രായേൽ എന്ന പേരോടെയും കുറെക്കാലം നിലനിന്നുവെങ്കിലും പ്രവാസത്തിന്റെയും, അടിമത്തത്തിന്റെയും തുടർക്കഥകൾ ധാരാളം. അസീറിയ, ബാബിലോൺ, പേർഷ്യ, ഗ്രീക്ക്, സിറിയൻ, റോമൻ സാമ്രാജ്യങ്ങളുടെ കീഴിലെ നൂറ്റാണ്ടുകൾ, സ്വാഭാവികമായും യഹൂദരെ ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് അയച്ച ചരിത്രമാണ് യേശുക്രിസ്തുവിന്റെ കാലം വരെയുള്ളത്. അതുകൊണ്ട് തന്നെ "ഇസസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളെ"ക്കുറിച്ചുള്ള ഒരു ഭാരം യേശുതമ്പുരാന്റെ മനസ്സിലും ഉണ്ടായിരുന്നു (ഉദാ. മത്തായി. 10:5,6, 15:24). ഇങ്ങനെ യഹൂദർ അസീറിയ, ബാബിലോൺ, പേർഷ്യ സാമ്രാജ്യങ്ങളിലും അലക്സാന്ത്രിയ തുടങ്ങിയുള്ള ആഫ്രിക്കൻ കേന്ദ്രങ്ങളിലും, യൂറോപ്പിലും, ചൈനയിലും ഒക്കെ ചെന്നുചേർന്നു. അക്കൂട്ടത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും എത്തി. പേർഷ്യയിലെയും ബാബിലോണിലെയും യഹൂദന്മാരുടെ ചരിത്രവസ്തുതകളാണല്ലോ, എഹസ്കിയേൽ, ദാനിയേൽ, എസ്ര, നെഹമ്യാവ്, എസ്ഥേർ മുതലായ പഴയനിയമ ഗ്രന്ഥങ്ങളിലുള്ളത്.



ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ, ബലൂചിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇന്നത്തെ പാക്കിസ്ഥാനുൾപ്പെട്ട പ്രദേശങ്ങൾ, കാശ്മീർ, പഞ്ചാബ്, വടക്കുകിഴക്കൻ പ്രദേശങ്ങൾ, ഇന്ത്യയുടെ പശ്ചിമതീരം, തെക്കുപടിഞ്ഞാറൻ ഇന്ത്യൻ തീരങ്ങൾ, ദ്രാവിഡ ദേശങ്ങൾ മുതലായവയിൽ യഹൂദ കോളനികൾ ഉണ്ടായിരുന്നതിന്റെ തെളിവുകൾ ഉണ്ട്. ശലോമോന്റെ കാലം മുതലെങ്കിലും ഇന്ത്യയുമായുണ്ടായിരുന്ന സ്ഥിരം വ്യാപാരബന്ധം, ഹീരാമിന്റെ കപ്പൽവ്യൂഹത്തിന്റെ വ്യാപാരവ്യുൽപ്പത്തി മുതലായവ ഇസ്രായേൽ ജനത്തിന് ഇന്ത്യ ആകർഷകമാക്കി. ഇന്ത്യയിലേക്ക് കരമാർഗ്ഗവും, കടൽമാർഗ്ഗവും സ്ഥിരം കച്ചവടവീഥികൾ യഹൂദന്മാർക്ക് പരിചിതവും ആയിരുന്നു.

ആദ്യമൊക്കെ കച്ചവടത്തിനായിട്ട് വന്ന പരിചയം പിന്നീട് ഒരു കുടിയേറ്റ ജീവിതത്തിന് സഹായകമായി. സ്വന്തം നാട്ടിൽ അന്യരും, അടിമകളും ആകുന്ന സഹാചര്യത്തിൽ മുഗൾ കാലഘട്ടത്തിനുമുമ്പുള്ള ഇന്ത്യയെ യഹൂദർ അവർക്ക് ഏറ്റവും അനുകൂലമായ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യസാഹചര്യമായിട്ട് തിരിച്ചറിഞ്ഞു. രാഷ്ട്രീയമായി ഇന്ത്യൻ ഭരണാധികാരികളുടെ (ജൈന, ബുദ്ധ, ഹിന്ദുമതാവലംബികളായവർ) ഉദാരസമീപനവും, ഇന്ത്യൻ വിഭവങ്ങൾക്ക് പാശ്ചാത്യദേശത്തുണ്ടായിരുന്ന വ്യാപാരപ്രാധാന്യവും ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥിതിയിൽ ആതിഥ്യ സങ്കല്പത്തിനുള്ള അനന്യത്വവും എല്ലാം യഹൂദ കുടിയേറ്റങ്ങൾക്ക് വഴിതെളിച്ചു.

യഹൂദന്മാരിൽ നല്ല കൃഷിക്കാരും, കച്ചവടക്കാരും ധാരാളം ഉണ്ടായിരുന്നു. പാശ്ചാത്യ നാടുകളിൽ പ്രിയമുള്ള വിഭവങ്ങൾ കൃഷിചെയ്ത് ഉല്പാദിപ്പിക്കു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കയും, അവയെ ശേഖരിച്ച് കച്ചവട തുറമുഖങ്ങളിലും കേന്ദ്രങ്ങളിലും എത്തിക്കയും ചെയ്യുന്ന ജീവിത ശൈലി ഏറെക്കുറെ സ്ഥിരവാസത്തിന്റേതായിരുന്നു. സ്വന്തം നാട്ടിൽ നിന്നും വംശത്തിൽ നിന്നും ജീവിതപങ്കാളികളെ കിട്ടാതെവന്നപ്പോൾ, മറ്റേതൊരു സ്ഥലത്തുമെന്നപോലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും യഹൂദർ, യഹൂദേതരുമായിട്ടുള്ള വിവാഹബന്ധത്തിൽ ഏർപ്പെട്ടു. മനുഷ്യവർഗ്ഗങ്ങളുടെ ചരിത്രത്തിൽ ഒരുകാര്യം വ്യക്തമാണ്: നിലനിൽപിന്റെ പോരാട്ടത്തിനുശേഷം, സ്വതന്ത്രമായ ഒരു ജീവിതസാഹചര്യത്തിൽ മാത്രമേ "വംശീയ വിശുദ്ധി" (Racial Purity) യെക്കുറിച്ച് മനുഷ്യൻ ചിന്തിക്കൂ. തദ്ദേശീയ ഭാഷ, വസ്ത്രധാരണം, ഭക്ഷണരീതി, എന്നിവയോട് അനുരൂപപ്പെടുകയല്ലാതെ മറ്റ് പോംവഴികൾ ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ രണ്ടു കാര്യങ്ങളിൽ യഹൂദതലമുറകൾ, ലോകമെമ്പാടും തങ്ങളുടെ തനിമ കാണിച്ചിട്ടുണ്ട്. ഒന്ന്, തദ്ദേശീയ ഭാഷയോടൊപ്പം തങ്ങളുടെ സെമിറ്റിക് ഭാഷാ പൈതൃകം (മിക്കപ്പോഴും അരമായ, എബ്രായ ഭാഷകൾ) സൂക്ഷിക്കുന്നതിൽ. രണ്ട്, കൽപാളികൾ ചേർത്തുണ്ടാക്കിയ അറകളിൽ ശവസംസ്ക്കാരം നടത്തുന്നതിൽ. കച്ചവട ഇടനിലക്കാരാകുവാൻ ഭാഷാപൈതൃകം അവരെ സഹായിച്ചുവെങ്കിൽ, ലോകത്തിൽ എവിടെയെല്ലാം യഹൂദ കോളനികൾ ഉണ്ടായിരുന്നുവെന്ന് തീരുമാനിക്കുവാൻ യഹൂദ കല്ലറകളും ശ്മശാനാവിശിഷ്ടങ്ങളും ഇന്നും ഗവേ.കരെ സഹായിക്കുന്നു (ഈ ഒരു ചരിത്രഘടകത്തെ അഥവാ ശവസംസ്ക്കാര പാരമ്പര്യത്തെ-തന്നങ്ങാടി-കേന്ദ്രീകരിച്ചാണ് ശ്രീ അബ്രഹാം ബൻഹറിന്റെ പ്രധാന ഗവേഷണ നിഗമനങ്ങൾ).

2. യഹൂദ കുടിയേറ്റങ്ങൾ ദക്ഷിണ ഭരതത്തിൽ

ദക്ഷിണ ഭാരതത്തിലെ യൂദ കുടിയേറ്റങ്ങളെക്കുറിച്ച് പതിനേഴാം നൂറ്റാണ്ടുമുതൽ എങ്കിലും ചരിത്ര വിവരണങ്ങൾ ലഭ്യമാണ്. 1695ൽ ഫാന്റീഡ് (Van Reede) എഴുതിയ ചരിത്രപ്രകാരം ബി. സി. ആറാം നൂറ്റാണ്ടിൽ ബാബിലോണിലേക്ക് പോയ യഹൂദരുടെ പിൻതലമുറക്കാരാണ് ആദ്യം "മലബാറി"ലേക്ക് വരുന്നത്. അവർ മനശ്ശെ ഗോത്രക്കാരായിരുന്നുവെന്നും, അവർ കൂടെകൊണ്ടുവന്ന വിശിഷ്ടവസ്തുക്കളുടെ കൂട്ടത്തിൽ വെള്ളികൊണ്ടുള്ള ഒരു കാഹളം ഉണ്ടായിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദ കുടിയേറ്റങ്ങളെക്കുറിച്ചുള്ള മറ്റൊരു റിപ്പോർട്ട് ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന റ്റി. രാജരാമറാവു 1881ൽ സർക്കാരിനു നൽകിയതാണ്. "ഹുസൂർ ഇംഗ്ലീഷ് റിക്കാർഡുകൾ" എന്ന പേരിൽ അറിയപ്പെടുന്ന രേഖകളിലുൾപ്പെടുന്ന പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം, ക്രിസ്ത്വാബ്ദം 68ൽ പതിനായിരത്തോളം യഹൂദർ മലബാറിൽ കുടിയേറി കൊടുങ്ങല്ലൂർ, പാലൂർ, മഹാദേവപട്ടണം, പാലത്തൂർ, ചിംഗ്ളി മുതലായിടങ്ങളിൽ താമസിച്ചിരുന്നു. ക്രിസ്ത്വാബ്ദം ആദ്യ നാലുനൂറ്റാണ്ടുകളിൽ ദക്ഷിണ ഭാരതത്തിൽ യഹൂദകുടിയേറ്റത്തിന് വളരെ അനുകൂലമായ സാഹചര്യമായിരുന്നു. ചേരരാജാക്കന്മാരുടെ ഭരണകാലവും, സാംസ്കാരികമായി "സംഘകാല" ചൈതന്യവും, യഹൂദരെ സ്വാഗതം ചെയ്തു. എ. ഡി. 45ൽ ഹിപ്പാലസ് 'കാലവർഷക്കാറ്റ്' കണ്ടുപിടിച്ചതോടെ അറബിക്കടൽ മുറിച്ച് നേരിട്ട് കൊടുങ്ങല്ലൂർ അഥവാ മുസിറിസിൽ വലിയ കപ്പലുകൾ എത്താനും തുടങ്ങിയിരുന്നു. ചെങ്കടൽ തീരത്ത് പുറപ്പെടുന്ന കപ്പൽ നാല്പതു ദിവസംകൊണ്ട് മുസിറിസിൽ എത്തിയിരുന്നതായി പ്ലിഹി (ഒന്നാം നൂറ്റാണ്ട്) പറയുന്നു. ഇതോടെ ഈജിപ്തിൽ നിന്ന് പ്രത്യേകിച്ച് അലക്സാന്ദ്രിയായിൽ നിന്ന് ദൈനന്ദിനം ഓരോ കപ്പൽ പൂർവ്വദേശത്തേക്ക് പുറപ്പെടുവാൻ തുടങ്ങി. ഈ കപ്പലുകളിൽ പലതിലും യഹൂദർ വന്നുകൊണ്ടിരുന്നു. പതിനാലാം നൂറ്റാണ്ടുവരെയും ദക്ഷിണ ഭാരതത്തിലേക്ക് യഹൂദരുടെ വരവ് നിർബാധം തുടർന്നു. 'ഉദുമൽപെട്ടട, 'ഉദകമണ്ഡലലം, മുതലായ പ്രദേശനാമങ്ങൾ 'ജൂതപ്പെട്ട്', 'ജൂതമണ്ഡലം' എന്നതുതന്നെയായിരുന്നു എന്നു ചിന്തിക്കുന്നവരുണ്ട്. ചേരരാജ്യത്ത് യഹൂദർക്ക് ലഭിച്ച സ്വീകരണത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ്, ചേരമാൻ പെരുമാൾ ഇരവിവർമ്മൻ യഹൂദ നേതാവായ ജോസഫ് റബ്ബാന് അധികാരാവകാശങ്ങൾ അടങ്ങിയ ചെപ്പേട് സമ്മാനിച്ചത്. ഈ ചെപ്പേടിന്റെ കാലം എ. ഡി. പത്ത്, പതിനൊന്ന്, നൂറ്റാണ്ടുകളാണെന്ന് അനുമാനിക്കപ്പെടുന്നു. യഹൂദ കുടിയേറ്റ ചരിത്രത്തെ രണ്ട് കാലഘട്ടങ്ങളായി കാണാം. മാർത്തോമ്മാ ശ്ലീഹാ ദക്ഷിണ ഭാരതത്തിൽ വന്നതിനു മുമ്പും പിമ്പുമുള്ള കാലഘട്ടങ്ങളായി തിരിച്ച് നമുക്ക് അനുമാനിക്കാവുന്ന ചില സംഗതികളുണ്ട്.

A. മാർത്തോമ്മാ ശ്ലീഹായുടെ ദക്ഷിണഭാരതത്തിലെ വരവിനുമുമ്പുള്ള കാലഘട്ടം

യഹൂദരുടെയിടയിൽ രണ്ടു വിഭാഗങ്ങൾ രൂപപ്പെട്ടിരുന്നു. ഒന്ന്, യാഥാസ്ഥിതിക യഹൂദ പാരമ്പര്യം കാത്തുസൂക്ഷിക്കുകയും, സ്വന്തം വംശശുദ്ധിയിൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്തിരുന്നവർ. രണ്ട്, നൂറ്റാണ്ടുകളായിട്ട് തദ്ദേശീയതയോടുള്ള സഹവാസം മൂലം തദ്ദേശീയരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയും മിക്കവാറും തദ്ദേശജനവിഭാഗമായി പരിണമിക്കയും ചെയ്തവർ. ഈ രണ്ടാമത്തെ വിഭാഗത്തിന് ഒരു ദ്രവീഡിയൻ മിശ്രജാതിയുടെ എല്ലാ ലക്ഷണങ്ങളുമുണ്ടായിരുന്നു. മേല്പറഞ്ഞ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ബന്ധം സ്വാഭാവികമായും അത്ര സുഖകരമായിരിക്കാൻ വകയില്ല (ഭാരത യഹൂദർ, വെളുത്ത യഹൂദരും ഇരുണ്ട നിറമുള്ള യഹൂദരും ആയി കാണപ്പെട്ടത് ഈ വിഭാഗീയതയുടെ തെളിവാണെന്നും പറയുന്നവരുണ്ട്).

മലങ്കര നസ്രാണികളുടെ നല്ലൊരു വിഭാഗത്തിന്റെ പ്രധാന പൈതൃകം യഹൂദമാണെന്ന് ഏറെക്കുറെ അനുമാനിക്കാമെങ്കിലും, ദക്ഷിണഭാരതത്തിൽ നാലാം നൂറ്റാണ്ടിനു മുമ്പ് ശക്തിപ്രാപിച്ചിരുന്ന ജൈന, ബുദ്ധ വിഭാഗങ്ങളിൽപ്പെട്ട ദ്രാവിഡ ജനങ്ങളും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചുവെന്നും, അവരെയും നസ്രാണികൾ എന്നുവിളിച്ചിരുന്നു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

B. മാർത്തോമ്മാ ശ്ലീഹായുടെ വരവിനുശേഷമുള്ള കാലഘട്ടം

മാർത്തോമ്മാശ്ലീഹാ മാത്രമല്ല എല്ലാ ശിഷ്യന്മാരും അയക്കപ്പെട്ടത്, യഹൂദന്മാരുടെ കുടിയേറ്റം നടന്നിട്ടുള്ള സ്ഥലങ്ങളിലേക്കാണ്. ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളെ കണ്ടെത്തി, ആദ്യം അവരോടും അവരിൽ കൂടെ മറ്റുള്ളവരോടും സുവിശേഷം അറിയിക്കുക എന്നത് വളരെ വ്യക്തമായ ഒരു പദ്ധതി ആയിരുന്നു. (ഉദാ. മത്തായി 10:5,6, അപ്പോ. പ്ര. 1:8, 11:19). ഈ പദ്ധതി മാർത്തോമ്മാ ശ്ലീഹായുടെ പേർഷ്യയിലെയും ഇന്ത്യയിലെയും സുവിശേഷപ്രവർത്തനത്തിൽ ഫലപ്രദമായി തീർന്നതിന്റെ തെളിവാണ് മാർത്തോമ്മായുടെ പ്രവൃത്തികൾ എന്ന ഗ്രന്ഥം. കൊട്ടാരം പണിയുവാൻ ശില്പിയെ കണ്ടെത്തുന്നതിന് ഒരു യഹൂദ കച്ചവടക്കാരനും, കല്യാണവിരുന്നിലേക്ക് പ്രവേശിപ്പാൻ ദ്വിഭാഷിയായി ഒരു യഹൂദപെൺകുട്ടിയും ഒക്കെ പരാമർശിക്കപ്പെടുന്നു. ഉത്തരഭാരതത്തിലും ദക്ഷിണഭാരതത്തിലും ഒക്കെ, അറമായ സുറിയാനി പരിചിതമായിരുന്ന യഹൂദ കേന്ദ്രങ്ങളിലേക്ക് മാർത്തോമ്മാ ശ്ലീഹാ കടന്നുചെല്ലുവാനിടയായി എന്നു തന്നെ അനുമാനിക്കാം. ഇങ്ങനെ കടന്നുചെന്നപ്പോൾ യാഥാസ്ഥിതിക യഹൂദർ പാലസ്തീനിൽ ചെയ്തതുപോലെ മാർത്തോമ്മാ ശ്ലീഹായെ തിരസ്ക്കരിക്കയും, തദ്ദേശീയ യഹൂദ സങ്കരവിഭാഗം സ്വീകരിക്കുകയും ചെയ്തുവെന്ന് അനുമാനിക്കാവുന്നതാണ്. വിയോജിച്ചവർ ക്രൈസ്തവ വിരോധികളായി മാർത്തോമ്മാ ശ്ലിഹായെ കൊല്ലുവാനിടയായി എന്ന് ചിന്തിക്കാം. രണ്ടുവിഭാഗം യഹൂദരിലും മാർത്തോമ്മാ ശ്ലീഹായോട് യോജിച്ചവരും വിയോജിച്ചവരും ഉണ്ടായിക്കാണും. യാഥാസ്ഥിതിക യഹൂദരുടെ ഒരു വലിയ പ്രതീക്ഷ മിശിഹാ എന്ന വീണ്ടെടുപ്പുകാരന്റെ വരവായിരുന്നതിനാൽ, അത് യേശുക്രിസ്തുവിൽ സാക്ഷാൽക്കരിക്കപ്പെടുന്നതിന്റെ ഭാഗമായി തീരാൻ ഭാരതത്തിലെ യാഥാസ്ഥിതിക യഹൂദരിലും പലരും തീരുമാനിച്ചുകാണും. ഏതായാലും ചേരനാട്ടിൽ യഹൂദ കോളണികളുണ്ടായിരുന്നിടങ്ങളിൽ തന്നെയാണ് ആദ്യത്തെ ക്രൈസ്തവ കേന്ദ്രങ്ങൾ (പള്ളികൾ) രൂപപ്പെട്ടത്. ചേരനാട്ടിലെ ആദ്യത്തെ യഹൂദ ക്രൈസ്തവർ 'നസ്രാണികൾ' എന്ന് വിളിക്കപ്പെട്ടു എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

"നസ്രാണി" എന്ന പദത്തെക്കുറിച്ച് ഇവിടെ ഒരു ചർച്ച ആവശ്യമായിരുന്നു. ക്രിസ്ത്യാനികൾക്ക് നസ്രാണികൾ എന്ന പേര് വേറൊരു ദിക്കിലും ഉള്ളതായി അറിവില്ല. യേശുക്രിസ്തു "നസ്രായൻ" എന്നുവിളിക്കപ്പെട്ടത് നസ്രേത്ത്കാരൻ ആയിരുന്നതുകൊണ്ടാണ് എന്ന് പുതിയ നിയമം സൂചിപ്പിക്കുന്നു (മത്തായി 2:23). നസ്രായനെ അനുഗമിച്ചവരെ, നസ്രാണിയെന്നും നസ്രാണിമാപ്പിളയെന്നും മലങ്കരയിൽ വിളിച്ചുവെന്ന് അനുമാനിക്കാം. ഒരുപക്ഷേ കുറച്ചുകൂടി സാധ്യതയുള്ളത് ക്രിസ്ത്യാനികളായിത്തീർന്ന യഹൂദരെ, മറ്റു യഹൂദർ 'നസ്രാണി' എന്ന് വിശേഷിപ്പിച്ചു എന്നതിനാണ് (കുറച്ചുകൂടി രസകരമായ ഒരു വ്യാഖ്യാനത്തിന് ഈ പദത്തിന് സാധ്യത കാണുന്നുണ്ട് എന്നുകൂടി കുറിക്കട്ടെ. യഹൂദപ്രമാണിയായി ചെപ്പേടു ലഭിച്ച ജോസഫ് റമ്പാന് "സുറാണ മാപ്പിള" എന്ന ഒരു വിശേഷണം കൊടുത്തുകാണുന്നുണ്ട്. (***നാസ്***റായന്റെ പിൻഗാമികളായ ***സുറാണികൾ*** 'നസ്രാണികൾ' ആയതാണോ, അഥവാ സുറാണികളല്ലാത്ത തദ്ദേശീയ ക്രിസ്ത്യാനികളെ "ന+സുറാണ" എന്നുവിശേഷി



പ്പിച്ച് 'നസ്രാണി' ആയത് ആയിരിക്കുമോ?) ആദ്യത്തെ യഹൂദ ക്രൈസ്തവ കുടുംബങ്ങളുടെ പേരുകൾ ആയിരിക്കുമോ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നതും പഠനാർഹമായ ചോദ്യമാണ്.

"മാപ്പിള" എന്ന പദവും ഇവിടെ ചർച്ചയ്ക്കു വിഷയമാകണം. കച്ചവടപ്രമാണിമാരെ മാപ്പിള ('മഹാപിള്ള' ലോപിച്ചതാണ് 'മാപ്പിള' എന്നുപറയുന്നവരുണ്ട്). എന്നു വിശേഷിപ്പിച്ചപ്പോൾ, മൂന്നുതരം മാപ്പിളമാർ കേരളചരിത്രത്തിലുണ്ടായി. ക്രിസ്ത്യാനി മാപ്പിളമാരെ നസ്രാണി മാപ്പിളമാർ എന്നും അവരിൽ പ്രത്യേക പദവി ലഭിച്ച കച്ചവടകുടുംബത്തെ തരകന്മാർ (തർഗോ എന്നു സുറിയാനി പദത്തിന്റെ അർത്ഥം വ്യാപാരി എന്നാണ്). എന്നും വിശേഷിപ്പിച്ചു. യഹൂദമാപ്പിളമാരെ 'സുറാണ മാപ്പിള' എന്നും, 'മുസ്ലീം മാപ്പിളമാരെ ജോനക മാപ്പിളമാർ എന്നും വിശേഷിപ്പിച്ചു കാണുന്നുണ്ട്.

ഏതായാലും മാർത്തോമ്മാ ശ്ലീഹായുടെ ദക്ഷിണ ഭാരതത്തിലെ ആഗമനം യഹൂദന്മാരിൽ തന്നെ അവരുടെ കച്ചവടതാല്പര്യങ്ങളിലും ജീവിതസംവിധാനങ്ങളിലും ചില മാറ്റങ്ങൾ വരുത്തി. കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ചിരുന്ന യൂദ കുടുംബങ്ങൾ സാവധാനം ചെന്നമംഗലത്തേക്ക് മാറിയത് ഒരു ചരിത്ര വസ്തുതയാണ്. കൊച്ചി രാജാവിന്റെ സംരക്ഷണയിൽ പതിനാറാം നൂറ്റാണ്ടോടെ മട്ടാഞ്ചേരിയിൽ യഹൂദർ താവളം ഉറപ്പിച്ചതും ചരിത്രസത്യമാണ്. പതിനേഴാം നൂറ്റാണ്ടോടെ ഡച്ചുകാർ കൊച്ചിയിൽ ആധിപത്യം ഉറപ്പിച്ചപ്പോൾ, അറബി മുസ്ലീം ശത്രുക്കളിൽ നിന്ന് മലബാറിലെ യഹൂദർക്ക് വളരെ ആശ്വാസം കിട്ടിയെന്നതും ചരിത്രത്തിന്റ ഭാഗമാണ്. പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിൽ നിന്ന് യഹൂദന്മാരുടെ മറ്റൊരു കുടിയേറ്റം കൊച്ചിയിലേക്ക് ഉണ്ടായതും ഡച്ച്, ബ്രിട്ടീഷ് സംരക്ഷണം അവർക്കു ലഭിച്ചതു കൊണ്ടാണ്. 1857 ലെ സെൻസസ് അനുസരിച്ച് കൊച്ചിയിൽ മാത്രം 1790 യഹൂദർ ഉണ്ടായിരുന്നു. റവ. ക്ലോഡിയസ് ബുക്കാനന്റെ ഏഷ്യയിലെ ക്രൈസ്തവ ഗവേഷണങ്ങൾ എന്ന ഗ്രന്ഥത്തിൽ കൊച്ചിയിലെ യൂദതെരുവും, പൗഢിയോടെയുള്ള യഹൂദ ജീവിതവും, പ്രതാപത്തോടെയുള്ള സുന്നഗോഗ് ആരാധനയും ചിത്രീകരിച്ചിട്ടുണ്ട്.

എന്നാൽ ഈ സുഖകരമായ അവസ്ഥയ്ക്കിടയിൽ, എന്തുകൊണ്ടായിരിക്കണം കേരളത്തിലെ യഹൂദർ ഇവിടെ തുടരാൻ ആഗ്രഹിക്കാതിരുന്നത്? ഒന്നാം നൂറ്റാണ്ടിൽ പതിനായിരത്തോളം യഹൂദർ കുടിയേറിയത്, പത്തൊമ്പതാം നൂറ്റാണ്ടിൽ രണ്ടായിരത്തിൽ താഴെയായി കുറഞ്ഞുപോയത് എന്തുകൊണ്ട്? മൈലാപ്പൂരിലും, കാശ്മീരിലും, പഞ്ചാബിലും, തക്ഷശിലയിലും, ഒക്കെ ഉണ്ടായിരുന്ന യഹൂദർക്ക് ഏന്തുപറ്റി?

പീഢനങ്ങളൊന്നും കാര്യമായിട്ടില്ലാതെ ഇരുന്നിട്ടും, യഹൂദരുടെ ജീർണ്ണത എന്തുകൊണ്ടു സംഭവിച്ചു?

3. മൂന്നു സാധ്യതകളും, മൂന്നാമത്തേതിന്റെ പ്രത്യേക പ്രാധാന്യവും

യഹൂദർക്ക് ഭാരതത്തിൽ എന്തു സംഭവിച്ചു എന്ന ചോദ്യത്തിന്റെ ഉപചോദ്യങ്ങളാണ് തൊട്ടുമുമ്പ് ചൂണ്ടിക്കാട്ടിയത്. മാർത്തോമ്മാ ക്രിസ്ത്യാനികളും, ഭാരതത്തിലെ യഹൂദരും തമ്മിലുള്ള ബന്ധത്തിൽ മേല്പറഞ്ഞ ചോദ്യങ്ങളെ സമീപിക്കുമ്പോൾ മൂന്നു സാധ്യതകൾ കാണുന്നു:

1. ഭാരതത്തിലേക്ക് കുടിയേറിയ ഭൂരിപക്ഷം യഹൂദരും തദ്ദേശീയരുമായി സങ്കരജാതിയായി പരിണമിച്ച് അവരുടെ സ്വത്വം നഷ്ടപ്പെട്ടു (ഇന്നത്തെ പത്താൻ വംശജരും, തോഡരും ഈ ഗണത്തിൽപ്പെടുന്നു).

2. യാഥാസ്ഥിതിക മനോഭാവത്തോടെ വംശീയവും മതപരവുമായ സ്വത്വം കാത്തുസൂക്ഷിക്കുവാൻ ശ്രമിച്ച യൂദമാപ്പിളമാർ ഒരു ന്യൂനപക്ഷമായി മാറുകയും, 1948 മെയ് 15ന് ഇസ്രായേൽ രാഷ്ട്രം നിലനിൽ വരാനിടയായതോടെ അവിടേക്ക് തിരിച്ചു പോവുകയും ചെയ്തു. സ്വന്തം സമൂഹത്തിന്റെ ഭാരതത്തിലെ അപചയത്തിന്റെ മൗനദു:ഖം ഈ ജനത്തിനുണ്ടായിരുന്നു. സ്വന്തം സമൂഹം ഭിന്നിച്ചതിന്റെ വേദന, മാർത്തോമ്മാശ്ലീഹായെ മൈലാപ്പൂരിലെ യഹൂദ തീവ്രവാദികൾ കൊന്നിട്ടും ക്രിസ്ത്യാനി സമൂഹം ശക്തിപ്രാപിച്ചു വരുന്നതിന്റെ ആത്മരോഷം, ക്രിസ്ത്യാനികളായ കച്ചവടക്കാർ അറബികച്ചവടക്കാരുമായി നല്ലബന്ധത്തിൽ കച്ചവടകുത്തകകൾ കാത്തുസൂക്ഷിക്കുമ്പോൾ തങ്ങൾക്കുണ്ടായിരുന്നതു പലതും നഷ്ടമായതിന്റെ വേദന ഇങ്ങനെ പലതും ഒരു രക്ഷപെടലിന്റെ മന:ശാസ്ത്രത്തിന് വഴിയൊരുക്കിയെന്നുതോന്നുന്നു.

3. ഭാരതത്തിന്റെ ഉത്തര ഭാഗങ്ങളിലെ യഹൂദരിൽ നിന്ന് വ്യത്യസ്തമായി, ദക്ഷിണ ഭാഗത്തെ യഹൂദരിൽ നല്ലൊരു പങ്ക് ക്രിസ്ത്യാനികളായിത്തീർന്നു. അതുകൊണ്ടുതന്നെയായിരിക്കണം യഹൂദരുടെ സംഖ്യ കുറഞ്ഞുകുറഞ്ഞു വന്നത്. ഒരു തദ്ദേശീയ ജനവിഭാഗമായി മാറുന്നതിനും, കൃഷി, കച്ചവടം, ആയോധനകല എന്നിവയിൽ പ്രാവീണ്യം നേടുന്നതിനും അവർക്കു സാധിച്ചു. തദ്ദേശീയ ജനങ്ങളിലെ ഉന്നതവർഗ്ഗങ്ങളുമായി അവർക്കു സാമൂഹ്യജീവിതം പങ്കിടുവാൻ താല്പര്യവുമായിരുന്നു. *അങ്ങനെ നസ്രാണിമാപ്പിളമാർ അഥവാ മാർത്തോമ്മാ ക്രിസ്ത്യാനികൾ യഹൂദ, ദ്രാവിഡ, ജനവിഭാഗങ്ങളുടെ സങ്കര സമൂഹമായി കണക്കാക്കപ്പെടണം.* മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആചാരാനുഷ്ഠാനങ്ങൾ അറമായ അഥവാ സുറിയാനി താല്പര്യം, പഴയനിയമപേരുകളോടുള്ള പൈതൃകബന്ധം, ഇങ്ങനെ പലതും ഒരു യഹൂദരക്തബന്ധത്തിന്റെ സൂചന നൽകുന്നു. ഇത് കൂടുതൽ ചർച്ചയ്ക്ക് വിഷയീഭവിക്കട്ടെ.

4. "രക്തബന്ധ"ത്തിന്റെ രസംകൊല്ലുന്ന ചോദ്യങ്ങളും രസമൂറുന്ന ന്യായങ്ങളും

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യഹൂദപൈതൃകം രസകരമായ ഒരു സമസ്യയാണ് അനാവരണം ചെയ്യുന്നത്. പക്ഷേ, രസംകൊല്ലുന്ന ചില ചോദ്യങ്ങൾ ആ സമസ്യയുടെ ഭാഗമാണുതാനും.

മലങ്കര ക്രിസ്ത്യാനികളുടെ മാർത്തോമ്മാ പൈതൃകം വളരെ പുരാതനവും ശക്തവുമായ തദ്ദേശീയ മൊഴിപാരമ്പര്യമാണ്. പുരാതനമായ ഈ മൊഴിപാരമ്പര്യത്തോടുചേർന്ന് ഒരു യഹൂദബന്ധം കൂടി ഇത:പര്യന്തം പറഞ്ഞു കേൾക്കാത്തത് എന്തുകൊണ്ട് എന്നതാണ് ഒന്നാമത്തെ ചോദ്യം. യഹൂദബന്ധത്തിനു പകരം, ബ്രാഹ്മണ കുടുംബബന്ധം പ്രബലമായതെന്തുകൊണ്ട് എന്നത് രണ്ടാമത്തെ ചോദ്യമാണ്. ലഭ്യമായിട്ടുള്ള പുരാതന സന്ദർശനവിവരങ്ങളിലൊന്നും മലബാർ തീരത്തെ ആദിമ ക്രിസ്ത്യാനികൾ യഹൂദ പശ്ചാത്തലത്തിൽ നിന്നുള്ളവരെന്ന് സൂചിപ്പിക്കാതിരുന്നത് എന്തുകൊണ്ട് എന്നത് മൂന്നാമത്തെ ചോദ്യമാണ്. ഇതും ഇതുപോലെയുള്ള മറ്റനേകം ചോദ്യങ്ങളും നമുക്കു മുമ്പിലുണ്ട്.

എന്നാൽ ഇവിടെ യഹൂദബന്ധത്തിന് ന്യായീകരണം നൽകുന്ന ചില വാദങ്ങൾ തള്ളിക്കളയാവുന്നതുമല്ല.

1. മാർത്തോമ്മാ ക്രിസ്ത്യാനികൾ യഹൂദപൈതൃകം ഉള്ളവരായിരുന്നുവെങ്കിലും, ശുദ്ധമായ ഒരു യഹൂദ വംശീയ പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല എന്നുവേണം കരുതാൻ. കാരണം യഹൂദ പരിഛേദനയോ, വംശാവലിപെരുമയോ ഒന്നും ക്രൈസ്തവ സുവിശേഷപ്രകാരം പ്രധാനപ്പെട്ടതായിരുന്നില്ല. മാത്രമല്ല, തദ്ദേശീയ ജനവിഭാഗങ്ങളുമായി കൂടിക്കലർന്ന ഒരു യഹൂദ സങ്കരജാതിയ്ക്ക്, യഹൂദ പശ്ചാത്തലം ഉയർത്തിപ്പറയുവാൻ ഒട്ടും താല്പര്യം തോന്നിക്കാണില്ല.

2. നിലവിലിരുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ, ഹിന്ദുസമൂഹത്തിലെ ഉപരിവർഗ്ഗങ്ങളുമായുള്ള ബന്ധത്തിന് കൂടുതൽ വില കല്പിച്ചിരുന്നു

താനും.

3.മലബാർ തീരം സന്ദർശിച്ചവരുടെ കുറച്ചൊക്കെ വിവരങ്ങൾ ലഭ്യമായത് താരതമ്യേന മധ്യകാല ഘട്ടത്തിൽ നിന്നൊക്കെയാണ്. അന്ന് യഹൂദബന്ധം ഒരു വിഷയമേ അല്ലായിരുന്നു. ലോകത്തിന്റെ പലഭാഗത്തും യഹൂദ ക്രിസ്ത്യാനികളുടെ പിൽക്കാല ചരിത്രത്തിൽ "യഹുദ" ബന്ധം ഒട്ടും പ്രധാനപ്പെട്ടതായി കാണുന്നില്ലതാനും

4. പാന്റീസ് വന്നപ്പോൾ എബ്രായ ഭാഷയിലെ വി. മത്തായിയുടെ സുവിശേഷം കണ്ടതായി പറയപ്പെട്ടതിൽ നിന്ന് ഊഹിക്കാവുന്നത്, ഒരു പക്ഷേ എബ്രായ അഥവാ അറമായ ഭാഷ പരിചിതമായ ഒരു സമൂഹം ഇവിടെ ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നുവെന്നതാണല്ലോ.

5. യഹൂദർ യാഥാസ്ഥിതിക സമ്പ്രദായങ്ങളിൽ പൂണൂൽ പോലെയുള്ള ചരടുധരിക്കുകയും കുടുമിപോലെ മുടി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. യഹൂദ കുടുംബവ്യവസ്ഥിതിയിൽ പുരുഷന് മുൻതൂക്കം ഉണ്ട്. യഹൂദർക്ക് വിവാഹത്തോടനുബന്ധിച്ച് കല്യാണപ്പാട്ടുകളും ചടങ്ങുകളും ഭവനത്തിൽ ഉണ്ട്. ഇവ പലതും പിൽക്കാല ബ്രാഹ്മണ സമ്പ്രദായങ്ങളുമായി സാമ്യമുള്ളതും ആയിത്തീർന്നു. ഇതിനിടയിൽ യഹൂദ പാരമ്പര്യവുമായി വ്യക്തമായ ഒരു ബന്ധപ്പെടുത്തൽ നടന്നില്ല എങ്കിലും, അത് ഒരു ചരിത്ര വസ്തുതയായിരുന്നിരിക്കണം.

6. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ, പഴയനിയമപേരുകൾക്കുള്ള പ്രാധാന്യം, അറമായ-സുറിയാനി പദങ്ങളോടുള്ള അടുപ്പം, അറിഞ്ഞോ അറിയാതെയോ ഒരു ഉപരിവർഗ്ഗമെന്ന അവബോധം, ശരീരഘടനയിലും നിറഭേദങ്ങളിലും പണ്ടത്തെ വെളുത്ത ഇരുണ്ട യഹൂദ വർഗ്ഗങ്ങളോടുള്ള സാമ്യം എന്നിവ പരിഗണിച്ചാൽ ഒരു യഹൂദബന്ധം ഊഹിച്ചെടുക്കാവുന്നതാണ്.

7. മലങ്കരയിൽ പ്രചാരത്തിലിരുന്ന "റമ്പാൻപാട്ട്" മാർത്തോമ്മൻ പെരുമയുമായി ബന്ധപ്പെടുത്തുന്നതാണ്. റമ്പാൻ പാട്ടിൽതന്നെ, "…. നാല്പതു യുദജനങ്ങളുമായ് ഒന്നരവർഷങ്ങൾക്കുള്ളിടയിൽ മാമോദീസാ കൈക്കൊണ്ടു" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. (റമ്പാൻ പാട്ട് അത്ര പുരാതനമായ ഒരു പാട്ടാണെന്ന് കരുതാൻ പറ്റില്ല.)

8. ജനനം, മരണം മുതലായവയോട് ബന്ധപ്പെട്ട് മലങ്കര നസ്രാണികൾ പാലിച്ചുപോന്ന ചില 'ശുദ്ധി' സങ്കൽപ്പങ്ങൾ, യഹൂദരുടെ 'ശുദ്ധി' സങ്കല്പങ്ങളുമായി സാമ്യമുള്ളതാണ്. നാലാം നൂറ്റാണ്ടിനുശേഷം ചേരനാട്ടിൽ ശക്തമായി കടന്നുവന്ന നമ്പൂതിരിമാരുമായി നസ്രാണികൾക്ക് പല കാര്യങ്ങൾക്കും സമാനതയുണ്ടായി. ഈ സമാനത നമ്പൂതിരിമാരുമായി നസ്രാണികളെ ബന്ധിപ്പിച്ച് ചരിത്രം മെനയുവാൻ ഇടയാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം 1906ൽ വി. നാഗം അയ്യ 'ട്രാവൻകൂർ സ്റ്റേറ്റ് മാനുവലി'ൽ മാപ്പിള നസ്രാണികൾ നമ്പൂതിരി കുടുംബങ്ങൾ മതം മാറിയവരാണെന്ന് പറയുന്നത്.

9. മാർത്തോമ്മാ ശ്ലീഹാ ആദ്യം സുവിശേഷം അറിയിച്ചത് വടക്കും തെക്കുമുള്ള ഇന്ത്യയിലെ യഹൂദരോട് ആയിരുന്നുവെന്ന വസ്തുതയെ സാധൂകരിക്കുന്നതാണ് ചരിത്രകാരന്മാരുടെ പലരുടെയും നിരീക്ഷണങ്ങൾ. (എൽ. അനന്തകൃഷ്ണ അയ്യർ, ക്ലോഡിയസ് ബുക്കാനൻ, ഇസഡ്. എം. പാറേട്ട്, ഫാ. ജോസഫ് ചീരൻ മുതലായവർ)ഉത്തരകേരളത്തിലെ പാലൂർ ജൂതക്കുന്നിലെ സിനഗോഗ് ഭാരതത്തിലെ ആദ്യത്തെ ക്രിസ്തുമതദേവാലയമായിത്തീർന്നുവെന്നും മതപരിവർത്തനം ചെയ്ത യഹൂദർ ആദ്യത്തെ ഭാരതീയ ക്രൈസ്തവരുമായിതീർന്നുവെന്ന് ഫാ. ചീരൻ വ്യക്തമായി പറയുന്നു.

10. മലങ്കര നസ്രാണികളുടെ നല്ലൊരു വിഭാഗത്തിന്റെ പ്രധാന പൈതൃകം യഹൂദമാണെന്ന് ഏറെക്കുറെ അനുമാനിക്കാമെങ്കിലും, ദക്ഷിണഭാരതത്തിൽ നാലാം നൂറ്റാണ്ടിനു മുമ്പ് ശക്തിപ്രാപിച്ചിരുന്ന ജൈന, ബുദ്ധ വിഭാഗങ്ങളിൽപ്പെട്ട ദ്രാവിഡ ജനങ്ങളും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചുവെന്നും, അവരെയും നസ്രാണികൾ എന്നുവിളിച്ചിരുന്നു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ❑







പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷി മരണത്തിന്റെ 1950-ാമത് വാർഷികത്തിന്റെ ലോഗോ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. 2022 ഡിസംബർ 21-ന് നിരണം വലിയപള്ളിയിൽ വച്ച് വിപുലമായ പരിപാടികൾ നടക്കും.

ഫാ. ഒ. തോമസ് അനുസ്മരണം

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി മുൻ പ്രിൻസിപ്പാളും മുൻ വൈദിക ട്രസ്റ്റിയുമായ ഫാ. ഡോ. ഒ തോമസിന്റെ നിര്യാണത്തിൽ ഓർത്തഡോക്സ് വൈദിക സെമിനാരി അനുശോചിച്ചു. ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലിത്താ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ഡോ. റ്റി. ജെ. ജോഷ്വ മുഖ്യപ്രഭാഷണം നടത്തി. ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. റെജി മാത്യു, പഴയ സെമിനാരി മാനേജർ ജോബിൻ വർഗീസ്, ഫാ. ഡോ. കോശി പി. വർഗീസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. നൈനാൻ കെ. ജോർജ് , ഫാ. ഡോ. വർഗീസ് പി. വർഗീസ്, ഡീക്കൻ റോബിൻ കെ മാത്യു എന്നിവർ പ്രസംഗിച്ചു.

പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു. ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്ന വർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധി ഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?

- പ. പരുമല തിരുമേനി

വചനതീർത്ഥം



അടയാളം

സ്ലീബാ പെരുന്നാളിന് ശേഷം രണ്ടാം ഞായറാഴ്ച (വി. മത്തായി 16:5 – 12)

ഫാ. കെ. കെ. വർഗീസ്

വിശുദ്ധ മർക്കോസിന്റെ സുവിശേഷം പതിനാറാം അധ്യായം ആരംഭിക്കുന്നത് പരീശന്മാരെയും സാധുക്കരെയും അവരുടെ പഠിപ്പിക്കലിനെയും സൂക്ഷിച്ചുകൊള്ളണമെന്ന് നമ്മുടെ കർത്താവ് ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്ന ഭാഗം വിവരിച്ചു കൊണ്ടാണ്. അവരുടെ പഠിപ്പിക്കലുകളിൽ ഉള്ള കുഴപ്പങ്ങളും തിന്മകളും വിശ്വാസ ജീവിതത്തിൽ ഇടർച്ചകൾ ഉണ്ടാക്കുവാൻ പര്യാപ്തമാണ് എന്ന് കർത്താവ് ശിഷ്യന്മാരോട് ഉപദേശിക്കുന്നു.

അനന്തരം സദൂക്യരും പരീശന്മാരും (16:1)

സദൂക്യരും പരീശന്മാരും ദീർഘകാല ശത്രുക്കളായിരുന്നു. അവർ ഒരുമിക്കുന്നത് തന്നെ അക്കാലത്തെ മതനേതാക്കന്മാരുടെ ഇടയിൽ അഗാധമായ ഭയം ഉളവാക്കി. അവർ യേശുവിനെ ഒരു ഗുരുതരമായ ഭീഷണിയായി കണക്കാക്കിയതുകൊണ്ട്. ഇവിടെ, അവർ യേശുവിനെതിരെ ഒരുമിച്ചു വരുന്നു.

“പരീശൻമാരുടെയും സദൂക്യരുടെയും, ഒരുമിപ്പു കണ്ടെത്തുക എന്നത് അസാധാരണമായ ഒരു പ്രതിഭാസമാണ്. കാരണം, അവർ തികച്ചും വിപരീതമായ വിശ്വാസങ്ങൾക്കും നയങ്ങൾക്കും വേണ്ടിയായിരുന്നു നിലകൊണ്ടത്. (ബാർക്ലേ).

പരീശന്മാർ ന്യായപ്രമാണത്തിലെ വാമൊഴിയും ലിഖിതവുമായ ഏറ്റവും ചെറിയ പോയിന്റുകൾക്ക് വരെ പ്രാധാന്യം കൊടുത്തു. എന്നാൽ, എബ്രായ തിരുവെഴുത്തുകളുടെ ലിഖിതരൂപങ്ങൾക്ക് മാത്രമാണ് സദൂക്യർ പ്രാധാന്യം കൊടുത്തത്.

പരീശൻമാർ മാലാഖമാരിലും പുനരുത്ഥാനത്തിലും ഒക്കെ വിശ്വസിക്കുന്നവരായിരുന്നു എന്നാൽ സദൂഖ്യന്മാർ ഇതിൽ ഒന്നും വിശ്വസിച്ചിരുന്നില്ല. പരീശന്മാർ ഒരു രാഷ്ട്രീയ പാർട്ടി ആയിരുന്നില്ല, അവർ ആഗ്രഹിക്കുന്ന രീതിയിൽ മതജീവിതം നയിക്കാൻ സ്വാതന്ത്ര്യം നൽകുന്ന ഏത് ഗവൺമെന്റിന്റെ കീഴിലും ജീവിക്കാൻ അവർ തയ്യാറായിരുന്നു; എന്നാൽ സദൂക്യർ പ്രഭുക്കന്മാരായിരുന്നതുകൊണ്ട്, തങ്ങളുടെ സമ്പത്തും അധികാരവും നിലനിർത്താൻ അവർ റോമാക്കാരുമായി സഹകരിച്ചു പോന്നു.

പരീശന്മാർ മിശിഹായ്ക്ക് വേണ്ടി നോക്കി പാർത്തു. എന്നാൽ,സദൂക്യർ ആവട്ടെ മശിഹായുടെ വരവിനായി അമിതമായ പ്രതീക്ഷയോടെ കാത്തിരുന്നവർ ആയിരുന്നില്ല.

എങ്കിലും ഈ വ്യത്യാസങ്ങൾക്കെല്ലാം അപ്പുറമായി യേശു അവരെ ഒരുമിപ്പിച്ചു. അല്ല, ഒരുമിച്ച് നിന്ന് യേശുവിനെ എതിർക്കുക വഴി അവർ സൗഹൃദത്തിലായി.

അടയാളം (16:1)

അവനെ പരീക്ഷിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഒരു അടയാളം കാണിക്കണമെന്ന് ആവശ്യപ്പെട്ടു: യേശു അനേകം അടയാളങ്ങൾ ചെയ്തു, അവർക്ക് ബോധ്യം വന്നില്ല. അവർ സ്വർഗ്ഗത്തിൽ നിന്ന് ഒരു അടയാളം നോക്കി “ഭൂമിയിൽ” യേശു ചെയ്തിരിക്കുന്ന അടയാളങ്ങൾ തങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ലെന്ന് അവർ പറഞ്ഞു.

വി. മത്തായി 12:38-ൽ ശാസ്ത്രി പരീശന്മാർ യേശുവിനോട് ഒരു അടയാളം ആവശ്യപ്പെടുന്നു. മറുപടിയായി അവൻ അവർക്ക് യോനായുടെ അടയാളം ചൂണ്ടിക്കാണിച്ചു.

(ഭൂമിയിൽ ചെയ്യുന്ന ഒരു അടയാളം സാത്താനിൽ നിന്നുള്ള വ്യാജമായിരിക്കാമെന്നാണ്. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് (ആകാശത്ത് നിന്ന് വരുന്നതോ ആകാശത്ത് നിന്നോ) ചെയ്യുന്ന അടയാളങ്ങൾ ദൈവത്തിൽ നിന്നുള്ളതാണെന്നാണ് യഹൂദ പാരമ്പര്യം)

ഉടനടി സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു അടയാളം ‘യഹൂദ നേതാക്കാൾ ആവശ്യപ്പെടുന്നത്, യേശുവിന്റെ അത്ഭുതങ്ങളോടുള്ള വിജാതീയ ജനക്കൂട്ടത്തിന്റെ പ്രതികരണവുമായി വളരെ വ്യത്യസ്തമാണ് (വി. മത്തായി 15:31).

കപടവിശ്വാസികൾ! (15:4)

യേശു അവരുടെ കാപട്യത്തെ അപലപിച്ചു. ആകാശത്തിന്റെ മുഖം വിവേചിച്ചറിയാൻ നിങ്ങൾക്കറിയാം, എന്നാൽ കാലത്തിന്റെ അടയാളങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയില്ല: തങ്ങൾക്ക് ചുറ്റും കണ്ട അടയാളങ്ങളിൽ നിന്ന് കാലാവസ്ഥ പ്രവചിക്കുവാൻ വരെ അവർ ഒരുങ്ങി.

എന്നാൽ അവരുടെ കൺമുമ്പിൽ തന്നെയുള്ള യേശുവിന്റെ മിശിഹൈക യോഗ്യതയെക്കുറിച്ചുള്ള അടയാളങ്ങൾ കാണാതെ അവർ അന്ധരായിരുന്നു.

അവന്റെ നാളിലെ കാപട്യങ്ങൾ യേശു മാത്രമല്ല ശ്രദ്ധിച്ചത്. ലോകത്തിലെ എല്ലാ കപടവിശ്വാസികളെയും പത്തായി വിഭജിച്ചാൽ, ജറുസലേം പത്തിൽ ഒമ്പതും ഉൾക്കൊള്ളുമെന്ന് യേശുവിന്റെ കാലത്തെ ഒരു പഴഞ്ചൊല്ലായിരുന്നു.

കാലത്തിന്റെ അടയാളങ്ങൾ നിങ്ങൾക്ക് വിവേചിച്ചറിയാൻ കഴിയില്ല (15:3). തന്റെ നാളിലെ മതനേതാക്കളെക്കുറിച്ചാണ് യേശു ഇങ്ങനെ പറഞ്ഞത്; തന്റെ ആദ്യത്തെ വരവിന്റെ അടയാളങ്ങളെ കുറിച്ച് മിശിഹാ വന്നിരിക്കുന്നു എന്നതിന്റെ അടയാളങ്ങളായി അവർക്ക് വ്യക്തമാക്കേണ്ട പ്രവചനങ്ങളും സാഹചര്യങ്ങളും തെളിവുകളും ഉണ്ടായിരുന്നു.

പക്ഷേ അവർ അതൊന്നും മനസ്സിലാക്കുന്നില്ലയിയിരുന്നു. ദുഷ്ടരും വ്യഭിചാരികളുമായ തലമുറയാണ് ഒരു അടയാളം തേടുന്നതെന്ന് ക്രിസ്തു പറഞ്ഞു. അടയാളങ്ങൾ അതിൽ തന്നെ ആരെയും പരിവർത്തനം ചെയ്യുന്നില്ലെന്ന് യേശുവിന്റെ ഈ പ്രസ്താവന നമ്മെ ഓർമ്മിപ്പിക്കുന്നു. പിന്നെയോ, ആളുകളെ യേശുവിലുള്ള വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ഉപകരണങ്ങളായി അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നു.

അടയാളങ്ങൾ സ്വയം ദുർബലമാണെന്നതല്ല, ദുഷ്ടരും വ്യഭിചാരികളുമായ ഒരു തലമുറ അവ തേടുന്നു എന്നതാണ്. ശ്രദ്ധേയമായ അടയാളങ്ങൾ കണ്ടിട്ടും വിശ്വസിക്കാത്തവരുടെ ഉദാഹരണങ്ങൾ ബൈബിൾ ആവർത്തിച്ച് നൽകുന്നു.

ശക്തിയുള്ള ഒരു അടയാളമായി യേശു വാഗ്ദാനം ചെയ്തു. വി.മത്തായി 12:39-41-ൽ യോനാ പ്രവാചകന്റെ അടയാളം സൂചിപ്പിച്ചിരുന്നു, അത് അവന്റെ വരാനിരിക്കുന്ന പുനരുത്ഥാനമാണെന്ന് വ്യക്തമായി വിശദീകരിച്ചു.

പുളിമാവ് (16:6)

പരീശന്മാരുടെയും സദൂക്യരുടെയും പുളിമാവിനെക്കുറിച്ച് ശ്രദ്ധിക്കുകയും സൂക്ഷിക്കുകയും ചെയ്യുക: മതനേതാക്കന്മാരുമായുള്ള മുൻ കലഹത്തിന് ശേഷം, പുളിമാവിന്റെ രൂപകം ഉപയോഗിച്ച് യേശു തന്റെ ശിഷ്യന്മാർക്ക് ഈ മുന്നറിയിപ്പ് നൽകി.

പുളിമാവിന്റെ ഉപമയിൽ മുമ്പ് സൂചിപ്പിച്ചതുപോലെ (വി.മത്തായി 13:33), ഇവിടെയും, പാപത്തിന്റെയും അഴിമതിയുടെയും ചിത്രമായി പുളിപ്പ് ഉപയോഗിക്കുന്നു (പ്രത്യേകിച്ച് പുറപ്പാട് 12:20 ലെ പെസഹാ വിവരണത്തിൽ).

യഹൂദന്മാരെ സംബന്ധിച്ച്,പുളിമാവ് ഒരു ദുഷിച്ച സ്വാധീനത്തിനേ കുറിക്കുന്ന രൂപക പ്രയോഗവും തിന്മയുടെ പ്രതീകമായിരുന്നു... പുളിമാവ് ജീവിതത്തിൽ വ്യാപിക്കാനും അതിനെ ദുഷിപ്പിക്കാനും ബാധ്യസ്ഥമായ ഒരു ദുഷിച്ച സ്വാധീനത്തെ പ്രതിനിധീകരിക്കുന്നു (ബാർക്ലേ).

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അപ്പമെടുക്കാത്തതിനാൽ (15:12)

സമീപകാലത്ത്, 5,000-ലും 4,000-ത്തിലും കൂടുതലുള്ള ആളുകൾക്ക് യേശു അത്ഭുതകരമായി ഭക്ഷണം നൽകിയതിന് ശേഷമുള്ള സംഗതിയായിരുന്നു ഇത്. ഇവിടെ യേശുവിനെയും, ഒരു രൂപകമായി താൻ പുളിച്ച മാവ് ഉപയോഗിച്ചതിനെയും ശിഷ്യന്മാർക്ക് മനസ്സിലാകുന്നില്ല.

"നമ്മുടെ ഓർമ്മകൾ സ്വാഭാവികമായും hour glass പോലെയാണ്. നല്ല നിർദ്ദേശങ്ങളും പരീക്ഷണങ്ങളും ഒക്കെ നിറയുന്നതിനേക്കാൾ വേഗത്തിൽ അവ താഴ് ഭാഗത്തേക്ക് വീണു പോകും/ തീർന്നുപോകും. അവൻ ആ ദ്വാരത്തിൽ വിരൽ വയ്ക്കണമെന്നും അങ്ങനെ നമ്മുടെ ഓർമ്മകളെ ദൈവാത്മാവിന്റെ പെട്ടകത്തിലേ, വിശുദ്ധ സത്യങ്ങൾ ഇട്ടുവച്ച മന്നപാത്രം പോലെയാക്കി കാത്തുസൂക്ഷിക്കണമേ എന്നത് ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയായിരിക്കണം.

ട്രാപ്പ് എന്ന എഴുത്തുകാരന്റെ പ്രാർത്ഥനയാണിത്.

അവർ ഗ്രഹിച്ചു (15:12)

അപ്പത്തിനെക്കുറിച്ചല്ല, പരീശന്മാരുടെയും സദൂക്യരുടെയും പഠിപ്പിക്കലിനെക്കുറിച്ചാണ് അവൻ അവരോട് പറഞ്ഞതെന്ന് അവർ മനസ്സിലാക്കി:

തെറ്റായ പഠിപ്പിക്കലിനെതിരെ, പ്രത്യേകിച്ച് മതപരമായ കാപട്യത്തിന്റെ കാര്യത്തിൽ ജാഗ്രത പാലിക്കേണ്ടതിന്റെ പ്രാധാന്യം യേശു അവർക്ക് മനസ്സിലാക്കി കൊടുത്തു.

ഇവിടെ, യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരോട് മൂന്ന് കാര്യങ്ങളെ കുറിച്ച് ഓർമപ്പെടുത്തുന്നു.

അജ്ഞത

കാരണം ആത്മീയ കാര്യങ്ങൾ (സദൂക്യരുടെയും പരീശന്മാരുടെയും അപകടകരമായ പഠിപ്പിക്കലുകളും ആചാരങ്ങളും) ചിത്രീകരിക്കാൻ അവൻ ഭൗതിക വസ്തുക്കൾ (പുളിപ്പ്) ഉപയോഗിക്കുന്നുവെന്ന് അവർ മനസ്സിലാക്കി കൊടുത്തു.

അവിശ്വാസം

മുമ്പ് അവൻ അദ്ഭുതകരമായി അപ്പം, വർദ്ധിപ്പിച്ച് നൽകുന്നത് അവർ കണ്ടിരുന്നു. പക്ഷേ, ഇപ്പോൾ അവർ അങ്ങനെ വീണ്ടും സംഭവിക്കുമെന്ന് വിശ്വസിക്കുന്നില്ല.

മറവി

കാരണം അപ്പം നൽകുന്നതുമായി ബന്ധപ്പെട്ട് യേശു മുമ്പ് ചെയ്തത് അവർ മറന്നതായി തോന്നുന്നു. ഇവിടെ തന്റെ വാക്കുകൾ തെറ്റിദ്ധരിക്കുന്നതിലൂടെ, അപ്പം വർദ്ധിപ്പിക്കാൻ കഴിവുള്ളവനാണ് തങ്ങളുടെ കൂടെനിൽക്കുന്നത് എന്ന് അവർ ഓർക്കാതെ പോകുന്നു

❑



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ഓസ്ട്രേലിയയിലെ മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇടവകയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. സെപ്റ്റംബർ 18 ഞായറാഴ്ച വൈകിട്ടു 5 മണിക്ക് നടന്ന സ്വീകരണ സമ്മേളനത്തിൽ വൈദീകരും വിശ്വാസ സമൂഹവും ആശംസകൾ നേരുകയും സഭയുടെ സാമൂഹ്യ സേവന പദ്ധതിയായ 'സഹോദരൻ' പദ്ധതിയിലേക്ക് ഇടവകയുടെ സംഭാവനയായി 4,40,000 രൂപ നൽകുകയും ചെയ്തു. ഇടവക വികാരി ഫാ. സുജിൻ വർഗീസ് മാപ്പിള, ട്രസ്റ്റി ഷെറിൻ, സെക്രട്ടറി ജോബി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



സൗത്ത്-വെസ്റ്റ് അമേരിക്കയിലെ ഊർശ്ലേം ചാപ്പലിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പൊലീത്താ സഹകാർമികത്വം വഹിച്ചു.

ഇരുപത്തിയഞ്ചാം ഓർമ്മ പെരുന്നാൾ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ അംബാസഡർ എന്നറിയപ്പെട്ടിരുന്ന ആലുവാ തൃക്കുന്നത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഇരുപത്തിയഞ്ചാം ഓർമ്മ പെരുന്നാൾ ദിനമായ സെപ്റ്റംബർ 28 ബുധനാഴ്ച സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ മാതൃദേവാലയമായ കോട്ടയം ചെറിയപള്ളിയിൽ നടക്കും. ഉച്ച കഴിഞ്ഞ് മെത്രാപ്പോലീത്തായുടെ കബറിടത്തിലേക്ക് തീർത്ഥയാത്ര നടത്തും.



ഓർത്തഡോക്സ് സഭ അഖില മലങ്കര പ്രാർത്ഥനായോഗം സെൻട്രൽ സോൺ കോ-ഓർഡിനേറ്റർ ആയി നിയമതിനായ ഷാജി മാത്തിലേത്ത്, കടമ്മനിട്ട, പത്തനംതിട്ട.

സുറിയാനി ഭാഷ പരിശീലനം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക സംഗീത വിഭാഗമായ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്, സുറിയാനി ഭാഷ പരിശീലനം നൽകുന്നു. ഓൺലൈനായി രണ്ടു മാസമാണ് കോഴ്സ്. ഒക്ടോബർ രണ്ടാം വാരം ക്ലാസുകൾ ആരംഭിക്കും. 18-നും 60-നും ഇടയ്ക്കു പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഒക്ടോബർ 10-നു മുമ്പ് അപേക്ഷിക്കണം.

ഇ മെയിൽ: srutimusics@gmail.com.
Mob: 94963 24483, 94474 09452.

Church Calendar

His Caution against False Teachings

St. Matthew 16:5-12

Fr Nithin V Rajan



Unlearning and relearning is a hectic task. We need to be careful on what we take in as there is a saying 'you are what you read and hear'. Because words have a great impact in our life, it can mold us at the same time ruin us. We need to have filters in our readings and hearings.

Be on your Guard:

St. Matthew 16:5-7 *"When they went across the lake, the disciples forgot to take bread. "Be careful," Jesus said to them. "Be on your guard against the yeast of the Pharisees and Sadducees." They discussed this among themselves and said, "It is because we didn't bring any bread."*

The distortion among the Pharisees and Sadducees made Jesus Christ say His disciples to be on Guard. The blindness in them, didn't allow them to understand that He is the messiah they were waiting for. In spite of all the signs and miracles he performed they weren't ready to accept Him. So this wrong understating is the leaven if put into the heart of Christ disciples they may also have confusions and doubts. Jesus said few more reasons why He called them or the teaching as the leaven, they are:

- "Woe to you, teachers of the law and Pharisees, you hypocrites! You clean the outside of the cup and dish, but inside they are full of greed and self-indulgence. Blind Pharisee! First clean the inside of the cup and dish, and then the outside also will be clean."
- "Woe to you, teachers of the law and Pharisees, you hypocrites! You are like whitewashed tombs, which look beautiful on the outside but on the inside are full of the bones of the dead and everything unclean. In the same way, on the outside you appear to people as righteous but on the inside you are full of hypocrisy and wickedness."
- "Woe to you, teachers of the law and Pharisees, you hypocrites! You build tombs for the prophets and decorate the graves of the righteous."

And you say, 'If we had lived in the days of our ancestors, we would not have taken part with them in shedding the blood of the prophets.' So you testify against yourselves that you are the descendants of those who murdered the prophets.

So Christ is saying to be careful about such actions. Leaven works subtly and in secret. Evil influence causes fermentation of a good life even without their knowledge. So we should be on guard and ask God to help us, as we always pray in our common evening prayer from ***Psalm 141:3-4*** *"Set a guard, Lord, before my mouth, a guard before my lips, that my heart may not turn to evil words and I may not do deeds of wickedness.. Do not turn my heart to any evil, to busy myself with wicked deeds in company with those who work iniquity; do not let me eat of their delicacies".*

We also pray in our Bedtime Prayers SUTORO (Shudhamulla Bava....)
O Holy Father, guard us by Thy sacred name,
O Son of God, our Savior, protect us with Thy victorious Cross,
O Holy Spirit, make us worthy temples of Thy holy habitation.
O Lord our God, forever shelter us, under Thy divine wings, at all times forever, Amen.

We need to be on Guard as we don't know what is next, because evil influence faster wider and deeper.

Are we of little faith?

St. Matthew 16:8-10 *Aware of their discussion, Jesus asked, "You of little faith, why are you talking among yourselves about having no bread? Do you still not understand? Don't you remember the five loaves for the five thousand, and how many basketfuls you gathered? Or the seven loaves for the four thousand, and how many basketfuls you gathered?*

The pre occupation of the disciples with the earthly matters concerning food is very clear by their answer. Christ taught them not to be concerned about perishable things but about things from above. St Paul reminds us about this in ***Philippians 3: 18-21*** *"I have told you this many times before, and now I repeat it with tears: there are many whose lives make them enemies of Christ's death on the cross. They are going to end up in hell, because their god is their bodily desires. They are proud of what they should be ashamed of, and they think only of things that belong to this world. We, however, are citizens of heaven, and we eagerly wait for our Savior, the Lord Jesus Christ, to come from heaven. He will change our weak mortal bodies and make them like his own glorious body, using that power by which he is able to bring all things under his rule*".

Jesus tries to correct the disciples by calling them people with little faith. Little can also mean lacking. The ultimate concern for us in this world is not to eat, drink and live. Each life has a purpose to fulfil, each life has been designed by God for a particular purpose. Jesus asks His disciples have you not witnessed God intervening into Human needs.

Don't fall prey:

St. Matthew 16:11-12 *"How is it you don't understand that I was not talking to you about bread? But be on your guard against the yeast of the Pharisees and Sadducees."* Then they understood that he was not telling them to guard against the yeast used in bread, but against the teaching of the Pharisees and Sadducees.

St John Chrysostom says "leniency is not always good thing. Christ allows the disciples freedom for their opinion. At other times he reproves them. By this variable nurturing he provides for their salvation. Note how at the same time His reproof is strong yet mild. He says "do you not yet perceive? Do you not remember the five loaves and the five thousand, and how many baskets you gathered? He specifies the numbers and the fragments, so as to bring them to a clear recollection of just what had happened and making them more attentive for the future".

The disciples had not yet, even though witnessed Christ miracles and teachings fully immerse into it. They were still in their budding stage and failed to understand higher thoughts of transcendence. Even if they didn't perceive fully they should have come to the understanding that when Christ was with them, they wouldn't be spiritually and physically hungry. But later when Christ explained to them they were enlighted and understood that Jesus was not talking about earthly things but about the heretical teachings which could lead them astray.

Let's Pray and not become a prey to the worldly. Amen. ❑

അനുസ്മരണം

പ്രൗഢ സാന്നിദ്ധ്യം

ഡോ. സിറിയക് തോമസ്

സെപ്റ്റംബറിന്റെ നഷ്ടം. കേരളത്തിന്റെ അക്കാദമിക് രംഗത്തും സഭാ—സാമുദായിക— സാമൂഹിക തലങ്ങളിലും അര നൂറ്റാണ്ടിലധികമായി അരങ്ങു നിറഞ്ഞു നിന്ന പ്രസന്നമായ ഒരു പ്രൗഢ സാന്നിദ്ധ്യമായിരുന്നു ഡോ. അലക്സാണ്ടർ കാരക്കൽ സാറിന്റേത്. അനന്യമായ ചരിത്ര പാണ്ഡിത്യത്തിന്റെ ഉദാത്ത മായ ഒരു ഉദാഹരണമായിരുന്നു കാരയ്ക്കൽ സാറെന്നു പറയുന്നതിലും അശ്ലേഷവും അതിശയോക്തി ഉണ്ടായിരുന്നില്ല എന്നതാണ് സത്യം.

ഒന്നാം തരം അധ്യാപകനെന്നതു പോലെ തന്നെ ഒന്നാം തരം പ്രഭാഷകൻ, അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും ആദരവാർജ്ജിച്ചു ഭരണ മികവു തെളിയിച്ച ഒരു പ്രിൻസിപ്പൽ, പരിശുദ്ധ സുറിയാനി ഓർത്തഡോക്സ് സഭയുടെ സമുന്ന തനായ നേതാവും സഭാ സെക്രട്ടറിയും. ഉറച്ച ദൈവ ഭക്തൻ. കറകളഞ്ഞ ദേശീയ വാദി. ഗാന്ധിയൻ തത്വ പ്രചാരകൻ. രാഷ്ട്രീയത്തിൽ ഒരു നെഹ്റുവാദി: പ്രതിഭാധനനായ ഒരു എഴുത്തുകാരൻ. അതുല്യനായ സംഘാടകൻ. നല്ല ഒരു ആതിഥേയൻ. നർമ്മം നന്നായി ആസ്വദിക്കുന്ന സഹൃദയൻ. കാരയ്ക്കൽ സാറിനെക്കുറിച്ചു പറയാവുന്ന വിശേഷണങ്ങൾക്കു കണക്കില്ല.

പ്രൊഫ..അലക്സാണ്ഡർ കാരയ്ക്കൽ സാർ കാതോലിക്കേറ്റു കോളജിൽ അധ്യാപകനും ബസേലിയോസ് കോളജിൽ പ്രിൻസിപ്പലുമായിരിക്കുന്ന കാലം മുതൽക്കേ എനിക്കു സാറിനെ അറിയാമെങ്കിലും സാറുമായി കൂടുതൽ ആഴമായ അടുപ്പവും സൗഹൃദവും വന്നത് ഏതാണ്ട് ഒരേ കാലത്തു കാരയ്ക്കൽ സാർ കണ്ണൂർ സർവകലാശാലയിലും ഞാൻ കേരള സർവകലാശാലയിലും പ്രോ–വൈസ് ചാൻസിലർമാരായി ചുമതലയിൽ വന്നതോടെയാണ്.

എനിക്ക് അദ്ദേഹം എല്ലാ അർത്ഥത്തിലും ഒരു ജ്യേഷ്ഠ സഹോദരനായി. ഔദ്യോഗിക കാര്യങ്ങൾക്കായി അദ്ദേഹം തിരുവനന്തപുരത്തു വരുമ്പോഴൊക്കെ യൂണിവേഴ്സിറ്റി ഓഫീസിൽ എന്റെ ചേമ്പറിൽ വന്ന് ദീർഘസമയം ആകാശത്തിനു കീഴിലുള്ള സർവ്വ വിഷയങ്ങളെക്കുറിച്ചും രസകരമായി സംസാരിച്ചിരിക്കുവാൻ സന്മനസ്സ് കാണിച്ചിരുന്നതും എന്റെ ഓർമ്മയിലുണ്ട്. ആളുകളെ നന്നായി അളന്നു തൂക്കാനുള്ള ഒരു സിദ്ധിയും സാറിനു സ്വന്തമായിരുന്നു.



പി. ജെ. ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരിക്കേയാണ് നായനാർ സർക്കാർ കേരളത്തിൽ ഓട്ടോണമസ് കോളജുകൾ ആരംഭിക്കുന്നതിന്റെ സാധ്യത പഠിക്കുന്നതിനു വേണ്ടി അന്ന് – (1999–2000) കാലിക്കറ്റു വി.സി.യായിരുന്ന ഡോ. കെ. കെ. എൻ. കുറുപ്പു സാർ ചെയർമാനും കേരള പി. വി. സി. യായിരുന്ന ഞാൻ സെകട്ടറി & കൺവീനറും കണ്ണൂർ പി. വി. സി. യായിരുന്ന കാരയ്ക്കൽ സാർ മെമ്പറുമായി ഒരു സമിതിയെ നിയോഗിച്ചത്. ആദ്യ പരീക്ഷണമെന്ന നിലയിൽ സർക്കാർ മേഖലയിലും എയിഡഡ് മേഖലയിലുമായി അഞ്ചു കോളജുകൾക്ക് ഓട്ടോണമസ് പദവി നൽകാമെന്നായിരുന്നു സമിതി അന്ന് ശുപാർശ നൽകിയത്. സമിതിയുടെ ചർച്ചകളിലുടനീളം ഡോ. കാരയ്ക്കൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ചു ഞങ്ങളോടു പങ്കുവച്ച ഉൾക്കാഴ്ച്ചയും അനുഭവ പരിജ്ഞാനവും അദ്ഭുതകരമായിരുന്നു.

കാരയ്ക്കൽ സാറിന്റെ ശരീരഭാഷയും സംസാരഭാഷയും മാത്രമല്ല വസ്ത്ര ഭാഷ പോലും ഒരു തറവാടി 'ബൂർഷ്വാസി'യുടേതാണെന്നു ഞങ്ങൾ പറഞ്ഞിരുന്നു. നല്ല ഉയരം. ചുവപ്പു കലർന്ന വെളുത്ത നിറം. കറുത്തു ചുരുണ്ട നിബിഢമായ മുടി. നല്ല കട്ടിമീശ. ആരേയും നിരായുധരാക്കിയിരുന്ന അതീവ ഹൃദ്യമായ ചിരി. നല്ലതുപോലെ വെളുത്ത ഡബിൾ മുണ്ടും സിൽക്കിന്റേയോ ഖദറിന്റേയോ നല്ല ക്വാളിറ്റി കോട്ടന്റെയോ ജുബ്ബയും. നന്നായി പോളിഷ് ചെയ്ത ബാറ്റയുടെ കറുത്ത ഷൂസ്. സാറിന്റെ നില്പും എടുപ്പും നടപ്പുമെല്ലാം ഒരു തരം പ്രൗഢമായ ഒരു വ്യക്തിത്വ സാന്നിധ്യത്തെ സൂചിപ്പിച്ചിരുന്നുവെന്നതാണ് ശരി. എല്ലാവരോടും സൗഹൃദം. എല്ലാവരോടും കരുതൽ . എല്ലാവരോടും പരിഗണന. എല്ലാവരെയും ചേർത്തുപിടിക്കുന്ന സ്നേഹം. തികച്ചും അപ്രതീക്ഷിതമായിരുന്നു സാറിന്റെ വിയോഗം. പ്രാർത്ഥനാപൂർവ്വം സ്നേഹ പ്രണാമം.

ബഹുമുഖ പ്രതിഭ

ഫാ. ബിജു പി. തോമസ്

ആദരണീയനായ അലക്സാണ്ടർ കാരയ്ക്കൽ സാർ യഥാർത്ഥ ബഹുമുഖ പ്രതിഭയായിരുന്നു എന്നതിൽ ആരും സംശയം പ്രകടിപ്പിക്കില്ല. വിവിധ വിഷയങ്ങളിൽ പണ്ഡിതൻ, നല്ല അധ്യാപകൻ, അനായാസം പ്രസംഗിക്കുവാൻ കഴിയുമായിരുന്ന പ്രഭാഷകൻ, സുന്ദരമായ ഭാഷയിൽ ആശയസംവേദനം ചെയ്തിരുന്ന ഒരു നല്ല എഴുത്തുകാരൻ, ഗവേഷകൻ, അസൂത്രകൻ, കർമ്മശേഷിയുള്ള സംഘാടകൻ, സമർത്ഥനായ നായകൻ ഇങ്ങനെപോകും കാരയ്ക്കൽ സാറിന്റെ വ്യക്തിവിലാസങ്ങൾ.

സാറിനെ ഞാനാദ്യമായി കാണുന്നത് പത്തനംതിട്ട, കാതോലിക്കേറ്റ് കോളജിൽ 1984-ൽ പ്രീ-ഡിഗ്രി വിദ്യാർത്ഥിയായി ചേരുമ്പോൾ ആണ്. അന്നു സാറിൽ വിദ്യാർഥികളെ ആകർഷിച്ചിരുന്നത് സാറ് ധരിച്ചിരുന്ന തൂവെള്ള പശയിട്ട ഖാദി ജുബായും ധോത്തിയുമാണ്. മാത്രമല്ല സാറിന്റെ ശരീരത്തിന്റെ നിറവും വസ്ത്രത്തിന്റെ നിറവും പരസ്പരം ലയിച്ചിരുന്നു. അത്രയും വെളുത്ത നിറമുള്ള ഒരു മനുഷ്യരൂപത്തെ ഞാൻ ആദ്യമായി കാണുകയായിരുന്നു. അദ്ദേഹത്തോടൊപ്പം എപ്പോഴും ആരെങ്കിലും - സഹപ്രവർത്തകരോ വിദ്യാർഥികളോ സംസാരിച്ചുകൊണ്ട് കൂടെക്കാണും. ഞാൻ ബാലജനസഖ്യത്തിൽ പ്രവർത്തിക്കുമ്പോൾ പുത്തൻകാവ് മാത്തൻ തരകൻ, അലക്സാണ്ടർ കാരയ്ക്കൽ മുതലായവർ പരിശീലനക്യാമ്പുകളിൽ വന്നിരുന്നതും ഓർക്കുന്നു.

1991-ൽ കോട്ടയം പഴയസെമിനാരിയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ സഭാ മാനേജിങ് കമ്മിറ്റി കൂടിയിരുന്നത് നാലുകെട്ടിൽ മുകളിലെ നിലയിൽ ആയിരുന്നു. അന്നത്തെ മാനേജിങ്ങ് കമ്മിറ്റിയ്ക്ക് വരുന്ന സമുദായ നേതാക്കൻമാർ വരുന്നത് ഞങ്ങൾ വളരെ കൗതുകത്തോടെ നോക്കിനിൽക്കും. മേഘക്കെട്ടുകൾ ആകാശ വീഥിയിലൂടെ നീങ്ങുന്നതു പോലെയാണ് വെള്ള വസ്ത്ര ധാരികളായ സഭാനേതാക്കന്മാർ പോകുന്നത് കാണുമ്പോൾ തോന്നിപ്പോകുക. അവരിൽ കാരയ്ക്കൽ സാർ വളരെ ശ്രദ്ധേയമായിരുന്നു. മാത്യൂസ് രണ്ടാമൻ ബാവായാണ് അധ്യക്ഷത വഹിക്കുന്നത്. സഭയുടെ പരമ പ്രധാനമായ പല പ്രമേയങ്ങളും പണ്ഡിതോചിതമായി അക്ഷര സ്ഫുടതയോടെ അവതരിപ്പിച്ചിരുന്നത് സാറായിരുന്നു. പിന്നീടദ്ദേഹം സഭാ സെക്രട്ടറി ആയി. എത്ര പ്രൗഢിയോടെ അദ്ദേഹം സഭയ്ക്ക് അൽമായ നേതൃത്വം നൽകി.

സഭയോടദ്ദേഹത്തിനു അണുവിട വ്യതിചലിക്കാത്ത വിധേയത്വവും സമർപ്പണവും ഉണ്ടായിരുന്നു. സഭയിലെ പുരോഹിതന്മാരെ അദ്ദേഹം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ഒരു ചരിത്ര പണ്ഡിതൻ എന്ന നിലയിൽ വലിയ അവഗാഹം ഉണ്ടായിരുന്നു. വാർദ്ധക്യത്തിലും അദ്ദേഹം ചരിത്രത്തിലെ തീയതികളും വർഷങ്ങളും അനായാസം ഓർത്തെടുക്കുന്നത് നമ്മെ അദ്ഭുതപ്പെടുത്തും.

കഴിഞ്ഞ ആഗസ്റ്റ് 15-നു ഞാൻ സംഘടിപ്പിച്ച സെമിനാറിൽ അദ്ദേഹം പ്രൗഢ ഗംഭീരമായി സംസാരിച്ചു. ഏതാനും മാസങ്ങൾക്ക് മുൻപ് ഞാൻ പ്രസിദ്ധീകരിച്ച എം. ജി. ജോർജ്ജ്മുത്തൂറ്റിനെ സംബന്ധിച്ച ഗ്രന്ഥത്തിൽ അദ്ദേഹം ക്ഷീണം വകവെക്കാതെ അതിമനോഹരമായ ഒരു ഓർമ്മക്കുറിപ്പെഴുതി നൽകി. എന്നെ അമ്പരിപ്പിച്ച ഒരു കാര്യം അതെഴുതുവാൻ അദ്ദേഹം കാട്ടിയ അത്യുത്സാഹവും താൽപര്യവും ആണ്. ടെലഫോണിൽ കൂടി അദ്ദേഹം മുത്തൂറ്റ് ജോർജുമായിട്ടുള്ള ആത്മബന്ധം എന്നോട് വിശദീകരിച്ചു. എന്നോട് കുറെ വിശദാംശങ്ങൾ ചോദിച്ചു. ഞാൻ നൽകാൻ താമസിച്ചപ്പോൾ അദ്ദേഹം എന്നെ വിളിച്ചു ഓർമ്മിപ്പിച്ചു. കാരയ്ക്കൽ സാറിന്റെ ഓർമ്മ അനശ്വരമാകട്ടെ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD





ഓസ്ട്രേലിയ ബ്രിസ്ബൻ സെന്റ് ജോർജ്ജ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിലെ വിശുദ്ധ ദേവാലയ കൂദാശയ്ക്ക് പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ മുഖ്യ കാർമികത്വം വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഗീവർഗീസ് മാർ പീലക്സിനോസ് എന്നീ പിതാക്കന്മാർ സഹകാർമികത്വം വഹിച്ചു.



വാകത്താനം ജറുശലേം മൗണ്ടിന്റെ പൂർവ്വ വിദ്യാർത്ഥി ഗണത്തിലെ ശ്രേഷ്ഠൻ സഖറിയാ മാർ സേവേറിയോസിന് മാതൃവിദ്യാലയം ഒരുക്കിയ ഹൃദ്യമായ സ്വീകരണം, 2022 പരീക്ഷയിലെ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ആദരം, നേട്ടങ്ങൾ കരസ്ഥമാക്കിയ അദ്ധ്യാപകർക്കുള്ള ആദരവ്, സ്കൂളിന്റെ രണ്ടാമത് സ്കൂൾ ബസ് കൂദാശ എന്നിവ എം.ഡി. സ്കൂൾസ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സി. ജോൺ ചിറത്തലാട്ട് കോർ എപ്പിസ്കോപ്പാ, സതീഷ് ജോൺ മാണിക്കശേരി, ഡോ. മാത്യൂ ജോർജ്, ജിജി അലക്സാണ്ടർ, വർഗീസ് ടി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

പുസ്തകം





കോടതി വിധികൾക്ക് ഉള്ളിൽ നിന്നുള്ള ചർച്ചകൾ സ്വാഗതാർഹം

കോട്ടയം: രാജ്യത്തിന്റെ നിയമത്തിനും കോടതി വിധികൾക്കും വിധേയമായി ഏത് സമാധാന ശ്രമത്തെയും ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്യുന്നതായി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ.

കേരളാ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ മലങ്കര സഭയിൽ നിയമാനുസൃതമായ ശാശ്വത സമാധാനം സ്ഥാപിക്കുന്നതിന് മുഖ്യമന്ത്രി നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും ഓർത്തഡോക്സ് സഭയുടെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തതായി അദ്ദേഹം പറഞ്ഞു. പ്രശ്ന പരിഹാരം വൈകിക്കാതെ, ഇരു കൂട്ടരുമായി വെവ്വേറെ ചർച്ച നടത്തി സമയബന്ധിതമായി നടപടി സ്വീകരിക്കാമെന്ന മുഖ്യമന്ത്രിയുടെ നിലപാട് ആശാവഹമാണ്.

സഭാ തർക്കം പരിഹരിക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് സർക്കാർ യാതൊരു തീരുമാനവും കൈകൊണ്ടിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വക്താവ് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് എന്നിവർ പങ്കെടുത്തു.




ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിന്റെ സ്നേഹസ്പർശം പദ്ധതിയിലേക്ക് കക്കാട് സെന്റ് ഗ്രീഗോറിയോസ് ചാപ്പൽ നടത്തിയ ഗ്രീഗോറിയൻ ഫാമിലി മീറ്റിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സംഭാവന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചു.



36 വർഷത്തെ വിശ്വസ്ത സേവനത്തിന് ആദരം: 36 വർഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ വിശ്വസ്ത സാരഥിയായി പ്രവർത്തിച്ച കുന്നംകുളം ചിറപ്പാട്ട് സി. എം. ബേബിയെ അഹമ്മദാബാദ് ഭദ്രാസനത്തിലെ ജ്യോതിസ് ആശ്രമ പെരുന്നാൾ ദിനത്തിൽ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, ആശ്രമ സുപ്പീരിയർ ഫിലിപ്പോസ് റമ്പാൻ എന്നിവർ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു.



അഹമ്മദാബാദ് ഭദ്രാസനത്തിലെ ജ്യോതിസ് ആശ്രമം സന്ദർശിച്ച ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, നാഗ്പൂർ സെന്റ് തോമസ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോസി ജേക്കബ് എന്നിവർ സംഭാഷണത്തിൽ.



ഓസ്ട്രേലിയയിൽ എത്തിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായോടുള്ള ബഹുമാനാർത്ഥം ഓസ്ട്രേലിയൻ തപാൽ വകുപ്പ് പരിശുദ്ധ പിതാവിന്റെ ചിത്രം ആലേഖനം ചെയ്ത തപാൽ സ്റ്റാമ്പ് പുറത്തിറക്കി.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തന്റെ മുൻഗാമിയായ പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണാർത്ഥം ആരംഭിച്ച സഹോദരൻ പദ്ധതിയുടെ ഭാഗമായി ഈരാറ്റുപേട്ട മൂന്നിലവ് നിവാസിയായ ഓമനയ്ക്ക് വേണ്ടി വാങ്ങിച്ച സ്ഥലത്ത് ഭവനനിർമ്മാണം ആരംഭിക്കുന്നു. ശിലാസ്ഥാപനകർമ്മം കൊച്ചേട്ട് സി. ജെ. പുന്നൂസ് കോർഎപ്പിസ്കോപ്പാ നിർവ്വഹിച്ചു. മാതാപിതാക്കൾക്കും സഹോദരനും വേണ്ടി ഭക്ഷണവുമായി വർഷങ്ങളായി ദീർഘദൂരം നടന്നുപോകുന്ന ഓമനയുടെ ജീവിതം മാധ്യമങ്ങളിലൂടെയാണ് സമൂഹശ്രദ്ധയിലേക്ക് വന്നത്. പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് ഭവനനിർമ്മാണം സഹോദരൻ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. മൂന്നു മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കുവാനാണ് ശ്രമിക്കുന്നത്.

ആശംസകൾ



ഡൽഹി എയിംസിൽ നിന്നും എം. ഡി. (ജെറിയാട്രിക് മെഡിസിൻ) ഫസ്റ്റ് റാങ്ക് കരസ്ഥമാക്കിയ ഡോ. സുദീപ് മാത്യു ജോർജ്. കങ്ങഴ പുതുപ്പറമ്പിൽ ജോർജ് പി. മാത്യുവിന്റെയും (രാജൻ) ജാൻസി തോമസിന്റെയും മകൻ. കങ്ങഴ സെന്റ് തോമസ് ഇടവകാംഗം.

ബോംബെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽനിന്ന് Best Student ആയി ഗോൾഡ് മെഡൽ നേടിയ അക്സാ മറിയം പൗലോസ്. പാത്താമുട്ടം മുളകൊടിയിൽ വീട്ടിൽ ഫാ. എം. സി. പൗലോസിന്റെയും (സിഇഒ പരുമല ഹോസ്പിറ്റൽ) എലീസായുടെയും മകളാണ്.

